# ഏലിയ സ്ലീവാ മൂശക്കാലം എട്ടാം ഞായർ

# പക്ഷം പിടിക്കുന്ന ദൈവം

ദൈവം ആരുടെ പക്ഷത്താണ്? സമ്പന്നന്റെ? ഭരിക്കുന്നവന്റെ? കൈയ്യൂക്കുള്ള വന്റെ? അധികാരത്തിലിരിക്കുന്നവന്റെ?

അല്ല ഒരിക്കലുമല്ല സമ്പന്നനെ വളർത്തി വലുതാക്കുകയും ദരിദ്രന്റെ യാചനകളെ നരകയാതനകളാക്കുകയും ചെയ്യുന്ന ഒരു ദൈവമല്ല നമുക്കുള്ളത്.

ദൈവം ദരിദ്രന്റെയാണ്. തോറ്റവന്റെ കൂടെയാണ് സുവിശേഷങ്ങളിലെ ദൈവം. സ്വന്തമായി പ്രാപ്തിയോ കഴിവോ അധികാരമോ സമ്പത്തോ ഇല്ലാത്തവന്റെ കൂടെ യാണ് ദൈവം. സ്വന്തമെന്ന് അഭിമാനിക്കാൻ ഒന്നുമില്ലാത്തവന്റെ ഏറ്റവും വലിയ സുഹൃ ത്താണ് ദൈവമെന്ന് തിരുവചനം വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ഇന്നത്തെ തിരുവചന ത്തിലും ഇത്തരമൊരു തലതിരിഞ്ഞ ചിന്ത കാണാം.

- **എന്തുകൊണ്ടാണ് പതിനൊന്നാം മണിക്കൂറിലും പണിയാൻ ആളുകൾ എത്തി യത്?**

അത്രയ്ക്കു കഴിവില്ലാത്തവരായിരുന്നു അവർ എന്നുവേണം അനുമാനിക്കാൻ. ഒരു വിദഗ്ദ തൊഴിലാളിയുടെ കൂടെ കൈയ്യാളായി നിറുത്താൻ പോലും കഴിവില്ലാത്ത പ്രാപ്തിയില്ലാത്ത ചില മനുഷ്യർ. അതുമല്ലെങ്കിൽ ഒരുപാട് അധ്വാനിക്കുന്നവരുടെയും കഴിവുള്ളവരുടെയും കൂടെ നിറുത്തി അഡ്ജസ്റ്റു ചെയ്യാൻപോലും ഒരു ഉടമസ്ഥനും ഒരു മുതലാളിയും മനസ്സുവയ്ക്കാത്ത അത്ര വിധത്തിൽ അത്രമേൽ കഴിവും പ്രാപ്തിയും ഇല്ലാത്തവരായിരുന്നു ആ മനുഷ്യർ എന്ന് അനുമാനിക്കാം.

- **എന്തുകൊണ്ട് ഈ കഴിവില്ലാത്തവരെ ഉടമസ്ഥൻ പണിക്കു വിളിച്ചു?**

ഈ തോട്ടംപണി അവരുടെതായിരുന്നു, അവർക്കു വേണ്ടി ഉടമസ്ഥൻ ഒരുക്കിയ തായിരുന്നു!

- ഇതാണ് മുന്തിരിത്തോട്ടത്തിലെ ഏറ്റവും വലിയ Irony. ഈ തോട്ടംപണി, ഈ മുന്തിരിത്തോപ്പ് കഴിവില്ലാത്തവന്റെ, പ്രാപ്തിയില്ലാത്തവന്റെതായിരുന്നു.

- **എന്തുകൊണ്ട് തുല്യമായ കൂലി നല്കി?**

ഉത്തരം ഉടമസ്ഥൻ തന്നെ തിരുവചനത്തിൽ പറയുന്നുണ്ട്. തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്ന രണ്ടു കാര്യങ്ങൾ.

1. **ദൈവകരുണയുടെ മുമ്പിൽ നാമെല്ലാം സമൻമാർ.**

   തിരുസ്സഭയുടെ ഉന്നത സിംഹാസനം മുതൽ ഏറ്റവും ഒടുവിലത്തെ വിശ്വാസിവരെ എല്ലാവരും ദൈവകരുണയ്ക്കു മുമ്പിൽ സമൻമാരെന്ന് തിരുവചനം.

2. **എനിക്ക് അപരനേക്കാൾ അധികമായി ഒന്നും ഇല്ല എന്നുകൂടി വീണ്ടും ഓർമ്മിപ്പിക്കുന്നു.**

   എന്റെ അധികാരമോ എന്റെ കഴിവോ എന്റെ നേട്ടങ്ങളോ എന്റെ അറിവോ ഒന്നും മറ്റുള്ളവരേക്കാൾ എന്നെ വലിയവനാക്കുന്നില്ല.

കഴിവുകെട്ടവന്റെയും ദരിദ്രന്റെയും സങ്കടപ്പെടുന്നവന്റെയും അവകാശമായ ദൈവമേ എന്റെ അഹംഭാവങ്ങളെ നീ ശമിപ്പിക്കണേ.

**- ഫാ. അജോ രാമച്ചനാട്ട്.**